**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3032** **25-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ ടെണ്ടർ നടപടി പൂർത്തിയായ റോഡുകളുടെ തുടർപ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയായ റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ വൈകുന്നതിനാൽ തുടർപ്രവൃത്തികൾ നടത്തുവാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം റോഡുകളാണെന്നും പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടാമ്പി മണ്ഡലത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച റോഡുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാൻ വൈകുന്നതിനാൽ തുടർ പ്രവൃത്തികൾ നടത്തുവാൻ സാധിക്കാത്ത പ്രവൃത്തികൾ താഴെ പറയുന്നവയാണ്. 1. NABARD RIDF XXIV Improvements & BM&BC to Thiruvegappura - Pallippuram road km 0/000 – 5/025 in Pattambi LAC 2. Improvements & Providing BM&BC to Kaipram – Vilathur – Chembra road km 1/000 – 5/000 3. BC Overlay to Valanchery Koppam road km 5/035 to 13/525 in Pattambi LAC 4. Providing drainage facilities and Improvements to Koppam Town in Pattambi LAC in Palakkad District. 5. Providing BM&BC to Pattambi Vetenery Hospital – Muthuthala road km 0/000 – 8/000 in Palakkad District. 6. Improvements by providing BM&BC to Koorachipadi Naduvattam road km 1/000 – 3/400. മുകളിൽ പരാമർശിച്ചിട്ടുള്ള പാതകളിൽ കൂരാച്ചിപ്പടി - നടുവട്ടം റോഡ്, കൈപ്രം - വിളത്തൂർ - ചെമ്പ്ര റോഡ്, തിരുവേഗപ്പുറ - പള്ളിപ്പുറം റോഡ് എന്നിവയിൽ കേരള വാട്ടർ അതോറിറ്റിയുടെ ജലൽജീവൻ മിഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് റെസ്റ്റൊറേഷൻ ചാർജ്ജ് അടയ്ക്കുന്നതിനായി 03.08.2021, 23.09.2021, 30.09.2021 എന്നീ തീയതികളിൽ പൊതുമരാമത്ത് വകുപ്പ് കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് നാളിതുവരെയായി അടച്ചിട്ടില്ല. തുക അടച്ചതിനുശേഷം പൈപ്പ് ഇടുന്ന പ്രവൃത്തി കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ചെങ്കിൽ മാത്രമേ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാൻ കഴിയുകയുള്ളൂ. കൊപ്പം വളാഞ്ചേരി |

| | | | |
|---|---|---|---|
| | | | റോഡിൽ കേരള വാട്ടർ അതോറിറ്റി ജലൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി അടയ്ക്കേണ്ട റെസ്റ്റൊറേഷൻ ചാർജ്ജ് അടയ്ക്കുന്നതിനായി 30.09.2021-ന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ആയത് നാളിതുവരെയായി അടച്ചിട്ടില്ല. റോഡിലെ കുഴികൾ താല്ക്കാലികമായി അടച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടാമ്പി വെറ്റിനറി ഹോസ്പിറ്റൽ റോഡിൽ കേരള വാട്ടർ അതോറിറ്റി ജലൽജീവൻ മിഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. കൊപ്പം ടൗൺ നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ട്രാൻസ്ഫോർമറുകളും മറ്റ് ഇലക്ട്രിക് പോസ്റ്റുകളും മാറ്റേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പും കെ.എസ്.ഇ.ബി-യും ഒരു ജോയിന്റ് ഇൻസ്പെക്ഷൻ 12.10.2021-ന് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ